**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4983** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റത്തവണയായി കെട്ടിട നികുതി പിരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ഒരു സോഫ്റ്റ്‌വെയർ രൂപീകരിച്ച് മുഴുവൻ കെട്ടിടങ്ങൾക്കും ഒറ്റത്തവണ നികുതി പിരിച്ചെടുക്കുവാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനം ആവിഷ്കരിക്കുവാൻ പദ്ധതിയിട്ടുണ്ടോ; | (എ) | റവന്യൂ വകുപ്പ് ഈടാക്കി വരുന്ന ഒറ്റ തവണ കെട്ടിട നികുതിയും ആഡംബര നികുതിയും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറായ 'കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം 21.6.2021 മുതൽ സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കെട്ടിട നികുതി (Property tax) നിർണ്ണയ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേറ്റ് ചെയ്ത് കൊണ്ടാണ് ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളത് . |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; | (ബി) | ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | (സി) | ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ